**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5117** **15/11/2019-ൽ മറുപടിയ്ക്ക്**

**വെയർഹൗസിംങ് കോർപ്പറേഷനിലെ വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) | കേരള സംസ്ഥാന വെയർഹൗസിംങ് കോർപ്പറേഷനിലെ വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ നിലവിൽവന്നത് ഏതുവർഷം മുതലാണ്; നിലവിൽ എത്ര പേർക്ക് കോർപ്പറേഷൻ പെൻഷൻ നൽകുന്നുണ്ട്; | എ) | 1996 മുതലാണ് കേരള സംസ്ഥാന വെയർഹൗസിംങ് കോർപ്പറേഷനിലെ വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ നിലവിൽ വന്നത്. നിലവിൽ 540 പേർക്ക് കോർപ്പറേഷൻ പെൻഷൻ നൽകുന്നുണ്ട്. |
| ബി) | പെൻഷൻ നിലവിൽവന്നത് മുതൽ കോർപ്പറേഷനിൽ നിന്നും വിവിധ കാലഘട്ടങ്ങളിൽ വിരമിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, ജനറൽ മാനേജർ തുടങ്ങിയ റാങ്കിലുള്ളവർക്ക് ഓരോമാസവും കോർപ്പറേഷൻ നൽകിവരുന്ന പെൻഷൻ തുക എത്രയെന്ന് വിശദമാക്കാമോ; | ബി) | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും വിരമിച്ച ലാസ്റ്റ് ഗ്രേഡ് മുതൽ ജനറൽ മാനേജർ വരെയുള്ള ജീവനക്കാർക്ക് അടിസ്ഥാന പെൻഷൻ ഇനത്തിൽ 3,82,990/- രൂപയും, ഡി.ആർ. ഇനത്തിൽ 8,87,177/- രൂപയും, ഇടക്കാലാശ്വാസമായി 5,40,000/- രൂപയും ഉൾപ്പെടെ പ്രതിമാസം 18,10,167/-രൂപ പെൻഷൻ അനുവദിക്കുന്നതിന് വിനിയോഗിക്കുന്നു. |
| സി) | കോർപ്പറേഷനിലെ വിരമിച്ച ജീവനക്കാർക്ക് സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയ കെ.എസ്.ഡബ്ലിയു.സി.പെൻഷൻ റെഗുലേഷൻ പ്രകാരമുള്ള പെൻഷൻ നൽകണമെന്ന 2017 നവംബർ 14 ന്റെ സുപ്രീംകോടതി ഉത്തരവ് നടപ്പിലാക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | സി) | സുപ്രീം കോടതി വിധി നടപ്പിലാക്കാൻ പെൻഷൻ ട്രസ്റ്റിലെ ഫണ്ട് അപര്യാപ്തമാണ്. ആയതിനാൽ 2018 ജൂൺ മാസം മുതൽ എല്ലാ പെൻഷനേഴ്സിനും 1000/- രൂപ വീതം ഇടക്കാലാശ്വാസമായി നൽകി വരുന്നു. |
| ഡി) | നിലവിൽ കെ.എസ്.ഡബ്ലിയു.സി. സാമ്പത്തികമായി ലാഭത്തിലാണോ; ആണെങ്കിൽ പ്രതിമാസം എത്ര രൂപ ലാഭവിഹിതം ലഭിക്കുന്നുണ്ട്; | ഡി) | കോർപ്പറേഷൻ ഇപ്പോൾ 26.70 കോടി രൂപ സഞ്ചിത നഷ്ടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. 2017-18-ൽ 6.57 കോടി രൂപ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്. |
| ഇ) | കെ.എസ്.ഡബ്ലിയു.സി. സാമ്പത്തികമായി ലാഭത്തിലാണെങ്കിൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ? | ഇ) | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിലെ പെൻഷൻ വിതരണം സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതു കെ.എസ്.ഡബ്ലിയു.സി. എംപ്ലോയീസ് പെൻഷൻ ആന്റ് അദർ റിട്ടയർമെന്റ് ബെനിഫിറ്റ്സ് ഫണ്ട് ട്രസ്റ്റാണ്. |

**സെക്ഷൻ ഓഫീസർ**